## കേരള സർക്കാർ

### സംഗ്രഹം

*വായ്പകളും മുൻകൂറുകളും - ക്ളാസ് ഫോർ ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിന് വായ്പ അനുവദിക്കുന്ന പദ്ധതി - വായ്പാതുക വർദ്ധിപ്പിച്ചും പലിശ നിരക്ക് കുറച്ചും ഉത്തരവാകുന്നു*

---

## ധനകാര്യ (ലോൺസ്) വകുപ്പ്

ജി. ഒ. (പി) നമ്പർ: 235/2010/ധന തീയതി, തിരുവനന്തപുരം, 2010 ഏപ്രിൽ 16

പരാമർശം: 28.08.1997 ലെ ജി. ഒ. (പി) നമ്പർ 734/97/ധന ഉത്തരവ്

### ഉത്തരവ്

പരാമർശത്തിലെ ഉത്തരവ് പ്രകാരം ക്ളാസ് ഫോർ ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ ചെലവുകൾക്ക് ഒരു വായ്പാ പദ്ധതി നിലവിലുണ്ട്. വായ്പ തുക അടിസ്ഥാന ശമ്പളത്തിന്റെ 15 ഇരട്ടി അല്ലെങ്കിൽ പരമാവധി 25,000/- രൂപയും, പലിശ 9% നിരക്കിലുമാണ്.

വിവാഹ വായ്പാ തുക ഉയർത്തണമെന്നും പലിശ ഒഴിവാക്കണമെന്നും വിവിധ സംഘടനകളുടെ ആവശ്യം പരിഗണിച്ച് 2010-11 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വിവാഹ ധന സഹായ വായ്പയുടെ പരിധി നിലവിലുള്ള 25,000/- രൂപയിൽ നിന്നും 30,000/- രൂപയായി ഉയർത്തുന്നതായും പലിശ നിരക്ക് 9% -ൽ നിന്നും 8% ആക്കി കുറക്കുന്നതായും പ്രഖ്യാപിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വിവാഹ ധന സഹായ വായ്പയുടെ പരിധി നിലവിലുള്ള 25,000/- രൂപയിൽ നിന്നും 30,000/- രൂപയായി ഉയർത്താനും പലിശ നിരക്ക് 9% -ൽ നിന്നും 8% ആക്കി കുറക്കാനും സർക്കാർ ഉത്തരവാകുന്നു. വായ്പ അനുവദിക്കുന്നതിനുള്ള യോഗ്യത, തിരിച്ചടവ് സംബന്ധമായ ചട്ടങ്ങൾ, വായ്പ അനുവദിക്കുന്ന രീതി, കണക്കുകൾ സംബന്ധമായ നിർദ്ദേശങ്ങൾ എന്നിവ മാറ്റമില്ലാതെ തുടരുന്നതാണ്. ഉയർത്തിയ വായ്പ തുകയ്ക്കും കുറച്ച പലിശനിരക്കിനും ഈ ഉത്തരവിന്റെ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

കേരള ഫിനാൻഷ്യൽ കോഡിൽ ആവശ്യമായ മാറ്റങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
പി. പ്രഭാകരൻ
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് / ആഫീസ് മേധാവികൾക്കും

സെക്രട്ടറിയേറ്റിലെ എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും സെക്ഷനുകൾക്കും

സെക്രട്ടറി, കേരള പബ്ളിക് സർവീസ് കമ്മീഷൻ

രജിസ്ട്രാർ, യൂണിവേഴ്സിറ്റി ഓഫ് കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ

രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം

രജിസ്ട്രാർ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി, കാലടി

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി/ അണ്ടർ സെക്രട്ടറിമാർക്കും

ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ

നിയമസഭാ സ്പീക്കറുടെ പ്രിൻസിപ്പൽ സെക്രട്ടറി

മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി

പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, കേരള, തിരുവനന്തപുരം

രജിസ്ട്രാർ, കേരള ലോകായുക്ത

ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്

കരുതൽ കോപ്പി / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Deepa

സെക്ഷൻ ഓഫീസർ